## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 380

12-01-2021 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം തുറമുഖ നിർമ്മാണം

**ചോദ്യം**

ശ്രീ. എം. വിൻസെന്റ് :

**മറുപടി**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം പൂർത്തിയാക്കേണ്ട സമയം കഴിഞ്ഞ് ഒരു വർഷം പൂർത്തിയായിട്ടും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നീങ്ങുന്നത് എന്നത് സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ബഹു. മുഖ്യമന്ത്രിയും തുറമുഖ വകുപ്പ് മന്ത്രിയും ചീഫ് സെക്രട്ടറിയും വകുപ്പ് സെക്രട്ടറിയും വിലയിരുത്തുന്നുണ്ട്. സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ടുകളെ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള Additional Chief Secretary (Special Projects – Infrastructure) പദ്ധതിയുടെ പുരോഗതി ഓരോ മാസവും അവലോകനം ചെയ്തുവരുന്നു. ഇതു കൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് IAS കേഡറിലുള്ള ഒരു Special Project Director യെയും നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തികളിലെ ഓരോ പ്രവർത്തി യുടെയും എത്ര ശതമാനം പണി പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പുരോഗതി ശതമാനക്കണക്കിൽ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | നിർമ്മാണ പ്രവർത്തി | പൂർത്തീകരി ക്കേണ്ടിയിരുന്നത് | നാളിതുവരെ പൂർത്തീകരി ച്ചത് |
|---|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ നീളം | 20% |
| 2 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 33% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 60 മീറ്റർ | പൈലിംഗ് 100% പൂർത്തികരിച്ചു. ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തികരിച്ചി ട്ടുണ്ട്. |

| | | | |
|---|---|---|---|
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. |
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയ്നുകൾ, ടഗ്ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ - 8 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| | | ടഗ് ബോട്ടുകൾ - 4 എണ്ണം | 4 ടഗ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായി. |
| | | യാർഡ്ക്രെയ്നുകൾ - 24 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| 6 | ഫിഷിംഗ് ഹാർബർ | 500 മീറ്റർ നീളമുള്ള ജെട്ടിയും മറ്റു അനുബന്ധ സൗകര്യങ്ങളും | കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടില്ല. |

(സി) കരാർ പ്രകാരമുള്ള ക്യൂറിംഗ് പിരീഡിലെ വ്യവസ്ഥ എന്താണ്; വ്യവസ്ഥ പാലിക്കാത്തതിനാൽ കമ്പനിയിൽ നിന്നും പിഴ ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ട്. കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം 2019 ഡിസംബർ 3 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. നോട്ടീസ് നല്കിയിട്ടുണ്ട്.

(ഡി) ഈ പദ്ധതിയുടെ നിർമ്മാണം എന്ന് പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത് എന്ന് അറിയിക്കുമോ?

(ഡി) ചീഫ് സെക്രട്ടറിയും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടറുമായി 03-11-2020 ൽ നടത്തിയ വീഡിയോ കോൺഫറൻസിൽ 2021 ഡിസംബറോടുകൂടി വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഗണ്യമായ ഭാഗം പൂത്തീകരിക്കാനാകുമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ